# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1244 12.06.2014 ൽ മറുപടിക്ക്**

**എം.എൽ.എ. ആസ്തി വികസന ഫണ്ടിൽ മാവേലിക്കരയിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തികളുടെ വിശദാംശങ്ങൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ആർ. രാജേഷ് | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്ത് വകുപ്പു മന്ത്രി) |
| എ) പൊതുമരാമത്ത് നിരത്ത് /കെട്ടിട വിഭാഗത്തിൽ നിന്നും 2013-14 വർഷത്തിൽ എം.എൽ.എ. ആസ്തി വികസനഫണ്ടിൽ മാവേലിക്കരയിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തികളുടെ വിശദാംശങ്ങൾ നല്കുമോ | എ) പൊതുമരാമത്ത് കെട്ടിട വിഭാഗത്തിന്റെ കീഴിൽ 2013-14 വർഷത്തിൽ എം എൽ എ ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി മാവേലിക്കരയിൽ ചെയ്ത പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു<br>1.നൂറനാട്പഞ്ചായത്തിൽ ഓഫീസിന്റെയും ഷോപ്പിങ്ങ് കോംപ്ലക്സിന്റെയും നിർമ്മാണം .<br>2.ചുനക്കരയിൽ ഓഫീസിന്റെയും ഷോപ്പിങ്ങ് കോംപ്ലക്സിന്റെയും നിർമ്മാണം<br>3.തെക്കേക്കര ഗ്രാമപഞ്ചയത്തിൽ ഖാദി സർവ്വോദയ സംഘത്തിനായി പുതിയ കെട്ടിടത്തിന്റെ നിർമ്മാണം.<br>4.താമരക്കുളം ഗ്രാമപഞ്ചായത്തിൽ ആയുർവേദ ക്ലിനിക്കിന്റെ നിർമ്മാണം.<br>5.വള്ളിക്കുന്നം പ്രാഥമിക ആരോഗ്യ കേന്ദ്രത്തിന്റെ നിർമ്മാണം.<br>6.തഴക്കര ഗ്രാമപഞ്ചായത്തിൽ പഞ്ചകർമ്മ സെന്ററിന്റെ നിർമ്മാണം.<br>7. തെക്കേക്കര ഗ്രാമപഞ്ചായത്തിനായി പുതിയ കെട്ടിടത്തിന്റെ നിർമ്മാണം.<br>8.മാവേലിക്കര സർക്കാർ ആശുപത്രി ക്യാന്റീൻ പ്രവർത്തനത്തിനായി പുതിയ കെട്ടിടവും പുതിയ ഡോർമെറ്ററി ബ്ലോക്കിന്റെ നിർമ്മാണവും<br><br>പൊതുമരാമത്ത് നിരത്ത് വിഭാഗത്തിന്റെ കീഴിൽ ആസ്തി വികസന ഫണ്ടിൽ മാവേലിക്കര ബ്ലോക്ക് ഓഫിസ് പുളിമൂട്ടിൽ പാലം വഴി പോലീസ് സ്റ്റേഷൻ ശ്രീകൃഷ്ണ സ്വാമി ക്ഷേത്രം ബുദ്ധ ജംഗ്ഷൻ വരെ റോഡ് നവീകരണം എന്ന പ്രവൃത്തി ഉൾപ്പെടുത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| ബി) | പ്രസ്തുത പ്രവൃത്തികൾക്ക് ഭരണാനുമതി ലഭ്യമായിട്ടുണ്ടോ ; | ബി) | കെട്ടിട വിഭാഗത്തിന്റെ കീഴിൽ വരുന്ന മുകളിൽ വിവരിച്ച 1,2 പ്രവൃത്തികൾക്ക് ഭരണാനുമതി ലഭ്യമായിട്ടുണ്ട്.<br>നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ ഉൾപ്പെട്ടിട്ടുള്ള പ്രവൃത്തികൾക്ക് ഭരണാനുമതി ലഭ്യമായിട്ടുണ്ട്. |
| സി) | ഭരണാനുമതി ലഭിക്കുന്നതിന് തടസ്സങ്ങൾ ഉണ്ടെങ്കിൽ വിശദമാക്കുമോ? | സി) | തടസ്സങ്ങൾ ഇല്ല |

സെക്ഷൻ ഓഫീസർ